അനുസ്മരണം

# മുജീബുർറഹ്മാൻ



**ഹൃദയങ്ങളെ** നൊമ്പരപ്പെടുത്തുകയും കണ്ണുകളെ ഈറനണിയിക്കുകയും ചെയ്ത വേർപാടായിരുന്നു വാഴക്കാട് ഏരിയയിലെ മുണ്ടുമുഴി ഘടകത്തിലെ പ്രവർത്തകൻ എ. മുജീബുർറഹ്മാന്റെ(36) അകാല മരണം. മുഖത്ത് സദാ നിറഞ്ഞു നിൽക്കുന്ന പുഞ്ചിരിയും മനസിൽ കെടാതെ കത്തി നിൽക്കുന്ന കർമാവേശവും കൈമുതലാക്കി പ്രസ്ഥാന പ്രവർത്തനരംഗത്ത് നിറസാന്നിധ്യമായിരുന്ന അദ്ദേഹം പറക്കമുറ്റാത്ത മൂന്ന് കുഞ്ഞുങ്ങളെ അനാഥരാക്കിയാണ് അല്ലാഹുവിലേക്ക് യാത്രയായത്.

വാഴക്കാട് ദാറുൽ ഉലൂമിൽ അഫ്ദലുൽഉലമ പ്രിലിമിനറി വിദ്യാർഥിയായിരിക്കെ കടുത്ത ലുക്കീമിയ രോഗം ബാധിച്ച് ചികിത്സയിലായിരുന്നു. സുമനസ്സുകളുടെ പ്രാർഥനയും സഹായങ്ങളും അല്ലാഹുവിന്റെ കാരുണ്യവും അദ്ദേഹത്തെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയായിരുന്നു. ജനസേവനരംഗത്ത് നിറഞ്ഞുനിന്നിരുന്ന മുജീബുർറഹ്മാൻ കക്ഷിഭേദമന്യേ നാട്ടുകാർക്കെല്ലാം പ്രിയപ്പെട്ടവനായിരുന്നു. സ്കൂൾ പി.ടി.എയിലും സാമൂഹിക സേവന രംഗത്തും സജീവമായിരുന്ന മുജീബുർറഹ്മാൻ രോഗബാധിതനായി മെഡിക്കൽ കോളേജ് ഐ.സി.യുവിൽ കഴിയുന്ന അവസാനനാളുകളിൽപോലും തന്റേതായ ഇടപെടലുകൾ അവിടെ നടത്തുകയുണ്ടായി. എല്ലാവരോടും ചിരിച്ചുകൊണ്ടുമാത്രം ഇടപെടുകയും ഹൃദ്യമായി പെരുമാറുകയും ചെയ്തതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. കുടുംബത്തോടുള്ള സ്നേഹവും തഥാ. കുട്ടികളെ പള്ളിയിലും മറ്റും കൂടെ കൊണ്ടുനടന്ന് വളർത്തുന്നതിലും അവരിൽ ഇസ്ലാമിക ശീലങ്ങൾ കരുപ്പിടിപ്പിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്ന അദ്ദേഹം, കുടുംബത്തോടും സഹധർമിണിയോടും കാണിച്ചിരുന്ന സ്നേഹം പുറത്തുനിന്ന് വീക്ഷിക്കുന്നവർക്കുപോലും മനസിലാക്കാൻ കഴിയുമായിരുന്നു. ഇതുകൊണ്ടെല്ലാം തന്നെയാകണം മുജീബുർറഹ്മാന്റെ മരണത്തിന് മുമ്പിൽ ഒരുനാട് മുഴുവൻ തേങ്ങിപ്പോയത്.

ഏറ്റെടുത്ത ജോലികൾ കൃത്യമായി നിർവഹിക്കാനുള്ള കണിശതയും ജീവിതത്തിലെപ്പോഴും കാത്തുസൂക്ഷിച്ച എളിമയും സൂക്ഷ്മതയും ഏവർക്കും മാതൃകയാണ്. മുണ്ടുമുഴി ഐഡിയൽ നഴ്സറി സ്കൂളിന്റെ ചുമതലയുണ്ടായിരുന്ന അദ്ദേഹം അധ്യാപകരുടെ കൂടെനിന്നും കുട്ടികളോടൊപ്പം ചേർന്നും സ്ഥാപനത്തെ വളർത്താൻ പരിശ്രമിച്ചു. മുണ്ടുമുഴി അൽ മദ്റസതുൽ ഇസ്ലാമിയയിലെ അധ്യാപനത്തിലും ജമാഅത്തിന്റെയും സോളിഡാരിറ്റിയുടെയും പ്രവർത്തനങ്ങളിലും ചുമതലാബോധവും കൃത്യതയും മുജീബ് കാത്തുസൂക്ഷിച്ചിരുന്നു. മാധ്യമം കോഴിക്കോട് യൂനിറ്റിൽ ലേ ഔട്ട് ആർട്ടിസ്റ്റായി ജോലിചെയ്തിരുന്ന അദ്ദേഹം പത്രത്തിലെ സഹപ്രവർത്തകർക്ക് ഹൃദ്യമായ ഓർമകൾ മാത്രം സമ്മാനിച്ച നല്ല കൂട്ടുകാരനായിരുന്നു.

ഭാര്യ: ഫസീന. മക്കൾ: അഫ്നാൻ(9), അഫ്ഷാൻ(7), അയ്മൻ(3).

**മുഹമ്മദ് അബ്ദുൽജബ്ബാർ മുണ്ടുമുഴി**